# പൊതുവിദ്യാഭ്യാസ വകുപ്പ്

## *(തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി) പരീക്ഷ മാർച്ച് 2023*

## പരീക്ഷാ ഫലം ഒറ്റനോട്ടത്തിൽ

- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 389 തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ (261 സർക്കാർ സ്കൂളുകളും 128 എയ്ഡഡ് സ്കൂളുകളും) രണ്ടാംവർഷ പഠനം പൂർത്തിയാക്കിയ റഗുലർ വിദ്യാർത്ഥികൾക്കും മുൻ പരീക്ഷകളിൽ യോഗ്യത നേടാത്തവർക്കുമായാണ് മാർച്ച് 2023 പൊതുപരീക്ഷ നടത്തിയത്. മേൽപ്പറഞ്ഞ 261 സർക്കാർ സ്കൂളുകളിലും 128 എയ്ഡഡ് സ്കൂളുകളിലും NSQF പാഠ്യപദ്ധതി പ്രകാരമാണ് പരീക്ഷ നടത്തിയത്.

- കണ്ടിന്യൂവസ് ഇവാല്യൂവേഷൻ & ഗ്രേഡിംഗ് NSQF സ്കീം (റഗുലർ & പ്രൈവറ്റ്), കണ്ടിന്യൂവസ് ഇവാല്യൂവേഷൻ & ഗ്രേഡിംഗ് (റിവൈസ്ഡ് കം മോഡുലാർ) സ്കീം (പ്രൈവറ്റ്) എന്നീ സ്കീമുകളിലാണ് പരീക്ഷ നടത്തിയത്.

- 9 പോയിന്റ് സ്കെയിലിലുള്ള ഗ്രേഡിംഗ് മൂല്യനിർണ്ണയ രീതിയാണ് നിലവിലുള്ളത്.

| ഗ്രേഡ് | A+ | A | B+ | B | C+ | C | D+ | D | E |
|---|---|---|---|---|---|---|---|---|---|
| സ്കോറുകളുടെ പരിധി | 90 – 100 | 80 – 89 | 70 – 79 | 60 – 69 | 50 – 59 | 40 – 49 | 30 – 39 | 20 – 29 | Below 20 |

- വൊക്കേഷണൽ വിഷത്തിന് യോഗ്യത നേടുന്നവർ സ്കിൽ സർട്ടിഫിക്കറ്റിന് അർഹരാകുന്നു. അവർ തൊഴിൽ നേടുന്നതിനും അപ്രന്റീസ്ഷിപ്പിനും അർഹരാണ്. പാർട്ട് ഒന്നിലും രണ്ടിലും മൂന്നിലും യോഗ്യത നേടുന്നവർ ഉന്നത പഠനത്തിന് അർഹത നേടുന്നു.

- കണ്ടിന്യൂസ് ഇവാല്യൂവേഷൻ & ഗ്രേഡിംഗ് NSQF സ്കീമിൽ **റഗുലറായി** പരീക്ഷ എഴുതിയവരിൽ **78.39 %** പേർ ഉന്നത പഠനത്തിനും അർഹത നേടി. ഇതിന്റെ പരീക്ഷാ ഫലം സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| മാർച്ച് 2023 | |
|---|---|
| പരീക്ഷ എഴുതിയവർ | **28495** |
| ഉന്നത പഠനത്തിന് യോഗ്യത നേടിയവർ | **22338** |
| വിജയശതമാനം | **78.39 %** |

- **പ്രൈവറ്റായി** പരീക്ഷ എഴുതിയവരിൽ **48.92 %** പേർ യോഗ്യത നേടിയിട്ടുണ്ട്. ഇതിന്റെ പരീക്ഷാ ഫലം സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| മാർച്ച് 2023 | |
|---|---|
| പരീക്ഷ എഴുതിയവർ | **1568** |
| ഉന്നത പഠനത്തിന് യോഗ്യത നേടിയവർ | **767** |
| വിജയശതമാനം | **48.92 %** |

❖ കണ്ടിന്യൂവസ് ഇവാല്യൂവേഷൻ & ഗ്രേഡിംഗ് NSQF സ്കീമിൽ റഗുലറായി പരീക്ഷ എഴുതിയവരുടെ പരീക്ഷാ ഫലം സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| റഗുലർ | | മാർച്ച് 2022 | മാർച്ച് 2023 |
|---|---|---|---|
| പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവർ | പെൺകുട്ടികൾ | 11626 | **10989** |
| | ആൺകുട്ടികൾ | 18325 | **17697** |
| | ആകെ | 29951 | **28586** |
| പരീക്ഷ എഴുതിയവർ | പെൺകുട്ടികൾ | 11545 | **10930** |
| | ആൺകുട്ടികൾ | 18166 | **17565** |
| | ആകെ | 29711 | **28495** |
| യോഗ്യത നേടിയവർ | പെൺകുട്ടികൾ | 9747 | **9499** |
| | ആൺകുട്ടികൾ | 13504 | **12839** |
| | ആകെ | 23251 | **22338** |
| വിജയ ശതമാനം | പെൺകുട്ടികൾ | 84.43 | **86.91** |
| | ആൺകുട്ടികൾ | 74.34 | **73.04** |
| | ആകെ | 78.26 | **78.39** |

❖ ഏറ്റവും ഉയർന്ന വിജയശതമാനം **(83.63 %)** നേടിയത് **വയനാട്** ജില്ലയും ഏറ്റവും കുറഞ്ഞ വിജയശതമാനം **(68.48 %)** നേടിയത് **പത്തനംതിട്ട** ജില്ലയുമാണ്.

## ജില്ല തിരിച്ചുള്ള പരീക്ഷാ ഫലം

| | 2023 | | | 2022 |
|---|---|---|---|---|
| ജില്ല | പരീക്ഷ എഴുതിയവർ | യോഗ്യത നേടിയവർ | ശതമാനം | ശതമാനം |
| തിരുവനന്തപുരം | **2866** | **2321** | **80.98** | 85.14 |
| കൊല്ലം | **4026** | **3323** | **82.54** | 87.77 |
| ആലപ്പുഴ | **1441** | **1097** | **76.13** | 76.75 |
| പത്തനംതിട്ട | **1548** | **1060** | **68.48** | 71.54 |
| കോട്ടയം | **1847** | **1411** | **76.39** | 68.27 |
| ഇടുക്കി | **1036** | **738** | **71.24** | 68.97 |
| എറണാകുളം | **2359** | **1793** | **76.01** | 74.32 |
| തൃശ്ശൂർ | **2627** | **2139** | **81.42** | 82.18 |
| പാലക്കാട് | **1834** | **1457** | **79.44** | 71.03 |
| മലപ്പുറം | **2741** | **2245** | **81.90** | 82.39 |
| കോഴിക്കോട് | **2570** | **2013** | **78.33** | 81.65 |
| വയനാട് | **776** | **649** | **83.63** | 75.81 |
| കണ്ണൂർ | **1499** | **1161** | **77.45** | 73.79 |
| കാസർഗോഡ് | **1325** | **931** | **70.26** | 64.97 |

- എല്ലാ വിഷയങ്ങൾക്കും **A+** ഗ്രേഡ് കരസ്ഥമാക്കിയ **373** വിദ്യാർത്ഥികളാണുള്ളത്.
- **12** സർക്കാർ സ്കൂളുകളും **8** എയ്ഡഡ് സ്കൂളുകളും 100% വിജയം കൈവരിച്ചു.
- 50% ത്തിൽ താഴെ വിജയശതമാനമുള്ള **20** സ്കൂളുകളുണ്ട്.
- ജനറൽ, ഒ.ബി.സി, ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്നവരുടെ പരീക്ഷാഫലം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വിഭാഗം | പരീക്ഷ എഴുതിയവർ | യോഗ്യത നേടിയവർ | വിജയ ശതമാനം |
|---|---|---|---|
| General | **4873** | **4080** | **83.72** |
| OBC | **19423** | **15406** | **79.31** |
| OEC | **1464** | **1045** | **71.37** |

- പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ പരീക്ഷാഫലം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | **മാർച്ച് 2023** |
|---|---|
| പരീക്ഷ എഴുതിയവർ | **2516** |
| യോഗ്യത നേടിയവർ | **1665** |
| ശതമാനം | **66.17** |

- പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പരീക്ഷാ ഫലം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| റഗുലർ | | മാർച്ച് 2023 |
|---|---|---|
| **പരീക്ഷ എഴുതിയവർ** | **ആൺകുട്ടികൾ** | **1459** |
| | **പെൺകുട്ടികൾ** | **1057** |
| | **ആകെ** | **2516** |
| **യോഗ്യത നേടിയവർ** | **ആൺകുട്ടികൾ** | **870** |
| | **പെൺകുട്ടികൾ** | **795** |
| | **ആകെ** | **1665** |
| **വിജയ ശതമാനം** | **ആൺകുട്ടികൾ** | **59.63** |
| | **പെൺകുട്ടികൾ** | **75.21** |
| | **ആകെ** | **66.17** |

- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ പരീക്ഷാഫലം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | **മാർച്ച് 2023** |
|---|---|
| പരീക്ഷ എഴുതിയവർ | **219** |
| യോഗ്യത നേടിയവർ | **142** |
| ശതമാനം | **64.84** |

❖ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പരീക്ഷാ ഫലം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| റഗുലർ | | മാർച്ച് 2023 |
|---|---|---|
| **പരീക്ഷ എഴുതിയവർ** | **ആൺകുട്ടികൾ** | **125** |
| | **പെൺകുട്ടികൾ** | **94** |
| | **ആകെ** | **219** |
| **യോഗ്യത നേടിയവർ** | **ആൺകുട്ടികൾ** | **69** |
| | **പെൺകുട്ടികൾ** | **73** |
| | **ആകെ** | **142** |
| **വിജയ ശതമാനം** | **ആൺകുട്ടികൾ** | **55.20** |
| | **പെൺകുട്ടികൾ** | **77.66** |
| | **ആകെ** | **64.84** |

❖ സംസ്ഥാനത്തെ **4** ബധിര മൂക സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി പ്രത്യേകം തയ്യാറാക്കിയ ചോദ്യപേപ്പറിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷകൾ നടത്തിയത്. ഈ സ്കൂളുകളിലെ പരീക്ഷാ ഫലം ചുവടെ ചേർക്കുന്നു.

| Sl. No. | School Code | Name of School | Percentage of Eligibility |
|---|---|---|---|
| 1 | 01008 | Govt VHSS & THS for Deaf Jagathy | **100** |
| 2 | 04025 | C. S. I. VHSS for Deaf Thiruvalla | **95.45** |
| 3 | 08036 | Kunnamkulam Govt: Deaf VHSS. Kunnamkulam | **100** |
| 4 | 09025 | Govt: VHSS for Deaf, Ottapalam | **100** |

❖ കലാകായിക മത്സരങ്ങളിൽ സംസ്ഥാന തലത്തിൽ വിജയം നേടിയവർക്കും, NSS വോളന്റിയർമാർ, നിശ്ചിത യോഗ്യത നേടിയ NCC കേഡറ്റുകൾ, നിശ്ചിത യോഗ്യത നേടിയ Student Police കേഡറ്റുകൾ, ശാസ്ത്ര മേളകളിൽ പങ്കെടുത്തവർ തുടങ്ങിയ വിഭാഗത്തിലുള്ള **13975** വിദ്യാർത്ഥികൾ ഗ്രേസ് മാർക്കിന് അർഹരായി.

**ഉത്തരക്കടലാസ്സുകളുടെ സൂക്ഷ്മ പരിശോധനയും പുനർമൂല്യനിർണയവും**

❖ ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയവും സൂക്ഷ്മ പരിശോധനയും നടത്തുന്നതിലേയ്ക്കുള്ള അപേക്ഷകൾ http://www.vhsems.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള അപേക്ഷാ ഫോം പൂരിപ്പിച്ച് മതിയായ ഫീസ് സഹിതം പഠനം പൂർത്തിയാക്കിയ സ്കൂളിൽ **30/05/2023** വൈകുന്നേരം **4** മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. ഒന്നിലധികം വിഷയങ്ങളുണ്ടെങ്കിലും ഒരു അപേക്ഷാ ഫാറം മതിയാവുന്നതാണ്. ഇന്റർനെറ്റിൽ നിന്നും ലഭിക്കുന്ന മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം. ഇരട്ട മൂല്യനിർണ്ണയം നടത്തിയതിനാൽ ഫിസിക്സ്, കെമിസ്ട്രി, കണക്ക് എന്നീ വിഷയങ്ങൾക്ക് സൂഷ്മപരിശോധന, പുനർ മൂല്യനിർണ്ണയം ഇവ ഉണ്ടായിരിക്കുന്നതല്ല.

- ഉത്തരക്കടലാസ്സുകൾ പുനർ മൂല്യനിർണ്ണയം ചെയ്യുന്നതിന് പേപ്പറൊന്നിന് 500 രൂപയും സൂക്ഷ്മ പരിശോധനയ്ക്ക് പേപ്പറൊന്നിന് 100 രൂപാ ക്രമത്തിലും ഫീസ് പരീക്ഷാ കേന്ദ്രങ്ങളിൽ ഒടുക്കേണ്ടതാണ്.
- പുനർ മുല്യനിർണ്ണയത്തിന്റെ ഫലം **ജൂൺ** മാസത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**സേവ്-എ- ഇയർ പരീക്ഷ**

- മാർച്ച് 2023 തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും പരീക്ഷയ്ക്ക് യോഗ്യത നേടാതിരിക്കുകയോ വിവിധ കാരണങ്ങളാൽ പരീക്ഷയ്ക്ക് ഹാജരാകാതിരിക്കുകയോ ചെയ്ത എല്ലാ സ്കീമുകളിലേയും (റഗുലർ & പ്രൈവറ്റ്) വിദ്യാർത്ഥികൾക്ക് പരാജയപ്പെട്ട എല്ലാ വിഷയങ്ങൾക്കും/ഹാജരാകാതിരുന്ന എല്ലാ വിഷയങ്ങൾക്കും 2023 ലെ സേ (സേവ്-എ-ഇയർ) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഇംപ്രൂവ്മെന്റ് പരീക്ഷ**

- 2023 മാർച്ചിൽ റഗുലറായി പരീക്ഷ എഴുതി ഉന്നത പഠനത്തിനർഹരായ വിദ്യാർത്ഥികൾക്ക് ഏതെങ്കിലും ഒരു വിഷയത്തിന് ഗ്രേഡ് മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഇംപ്രൂവ്മെന്റ് പരീക്ഷ സേവ്-എ-ഇയർ പരീക്ഷയോടൊപ്പം എഴുതാവുന്നതാണ്.

  സേവ്-എ-ഇയർ/ഇംപ്രൂവ്മെന്റ് പരീക്ഷയുടെ തീയതിയും വിശദാംശങ്ങളും പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

*******************************